**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1297** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലകളിലെ അപകട മരണങ്ങൾ ഒഴിവാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലകളിൽ അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഇത്തരം അപകടമരണങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരം അപകടമരണങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുമോ? | (സി) | ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് ആഭ്യന്തര വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കുട്ടികൾക്കായുള്ള സുരക്ഷിതത്വത്തിനു വേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറാസംവിധാനം ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ